ഭരണഭാഷ മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടിക്രമം**

വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം :- ഡിഇഎസ് - വിജിലൻസ് - ശ്രീ.ജോജി ഫ്രാൻസിസ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- I ന്റെ സസ്പെൻഷൻ പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ഓഫീസിലെ 01/10/2018 ലെ ഇതേ നമ്പർ ഉത്തരവ്.
2) ഈ ഓഫീസിലെ 09/10/2018 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ.
3) ശ്രീ.ജോജി ഫ്രാൻസിസിന്റെ 31/10/2018ലെ കുറ്റാരോപണ മെമ്മോയ്ക്കുള്ള മറുപടി.
4) ഈ ഓഫീസിലെ 19/11/2018 ലെ ഇതേ നമ്പർ ഉത്തരവ്.
5) ശ്രീ.കെ.ദാമോദരൻ, അഡീഷണൽ ഡയറക്ടർ (പ്രൈസസ്) (അന്വേഷണ ഉദ്യോഗസ്ഥൻ) ന്റെ 29/12/2018 ലെ അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ വിജിലൻസ് 23645/2018/ഡിഇഎസ് തീയതി 18/02/2019**

കോഴിക്കോട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- I ആയിരുന്ന ശ്രീ.ജോജി ഫ്രാൻസിസിനെ ഇ.എ.ആർ.എ.എസ് ജോലി ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിന് പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു. പരാമർശം (3) പ്രകാരം ടിയാൻ നൽകിയിട്ടുള്ള കുറ്റാരോപണ മെമ്മോയ്ക്കുള്ള മറുപടിയിലെ വാദങ്ങൾ ഉൾപ്പെടെ വിശദമായ വകുപ്പുതല അന്വേഷണം നടത്തുന്നതിനായി പരാമർശം (4) പ്രകാരം ശ്രീ.കെ.ദാമോദരൻ, അഡീഷണൽ ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തുകയും പരാമർശം (5) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പരാമർശ പ്രകാരമുള്ള എല്ലാ വിഷയങ്ങളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതാണെന്നുള്ള വ്യവസ്ഥയിൽ ശ്രീ.ജോജി ഫ്രാൻസിസിനെതിരെ കൈകൊണ്ട സസ്പെൻഷൻ പിൻവലിച്ച് തിരുവനന്തപുരം കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാനെതിരെയുള്ള അച്ചടക്ക നടപടിയും സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിനും സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

**വി.രാമചന്ദ്രൻ**
**ഡയറക്ടർ ജനറൽ**

ശ്രീ.ജോജി ഫ്രാൻസിസ്,
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- I (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ്:-

1. രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ ഓഫീസ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2. ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസ്, കോഴിക്കോട്.
3. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, കോഴിക്കോട്.
5. ഇഎ(1) വിഭാഗം / ഫയൽ / കരുതൽ ഫയൽ

ആർ.വി 04.01